**ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 നിർവ്യാപന പ്രവർത്തനങ്ങൾ- തൊടുപുഴ മുനിസിപ്പാലിറ്റി പരിധിയിൽ തട്ടുകടകൾ ഉൾപ്പെടെയുള്ള വഴിയോര കച്ചവടം, മത്സ്യ മാർക്കറ്റുകൾ എന്നിവയുടെ പ്രവർത്തനം നിരോധിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) G.O (Ms) No. 127/2020/GAD തീയതി 30.06.2020
2) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 29/06/2020 ലെ 40-3/2020-DM-I(A) നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 തീയതി: 23.07.2020**

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ 31.07.2020 വരെ ദീർഘിപ്പിച്ചും ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്.

തൊടുപുഴ മുനിസിപ്പാലിറ്റി പരിധിയിലും സമീപ ഗ്രാമ പഞ്ചായത്ത് പരിധികളിലും സമ്പർക്കം മൂലമുള്ള കൊവിഡ് 19 പോസിറ്റീവ് കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ടി മഹാമാരിക്കെതിരെയുള്ള പ്രതിരോധ നടപടികൾ കർശനമാക്കുന്നതിന്റെ ഭാഗമായും രോഗ വ്യാപനം തടയുന്നതിനുമായി തൊടുപുഴ മുനിസിപ്പാലിറ്റി പരിധിയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി കാണുന്നു.

ഈ സാഹചര്യത്തിൽ **തൊടുപുഴ മുനിസിപ്പൽ പരിധിയിൽ തട്ടുകടകൾ ഉൾപ്പെടെയുള്ള വഴിയോര കച്ചവടങ്ങൾ, മത്സ്യ മാർക്കറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് 31.07.2020 തീയതി വരെ നിരോധനം ഏർപ്പെടുത്തി ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു.** തൊടുപുഴ മുനിസിപ്പൽ പരിധിയിലെ മറ്റ് വ്യാപാര സ്ഥാപനങ്ങൾ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ തുറന്നു പ്രവർത്തിക്കുവാൻ പാടുള്ളൂ.

മെഡിക്കൽ സ്റ്റോറുകൾ, പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ എന്നിവയ്ക്ക് 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കുന്നതിന് ഇളവ് അനുവദിക്കുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
4. തഹസിൽദാർ, തൊടുപുഴ.
5. ഡി.വൈ.എസ്.പി, തൊടുപുഴ
6. മുനിസിപ്പൽ സെക്രട്ടറി, തൊടുപുഴ
7. വില്ലേജ് ഓഫീസർ, തൊടുപുഴ.

പകർപ്പ് -

1. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
2. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്